**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 12.09.2023**

## "അഴിമതി കേസ്സിൽ കൃഷി ഓഫീസർമാർക്ക് തടവ് ശിക്ഷ"

തിരുവനന്തപുരം: വ്യാജബില്ലുകൾ തയ്യാറാക്കി പണം തട്ടിയെടുത്ത കേസ്സിൽ കൃഷി ഓഫീസർക്കും കൃഷി അസിസ്റ്റന്റിനും തടവ് ശിക്ഷ. മൂവാറ്റുപുഴ വിജിലൻസ് പ്രത്യേക കോടതിയാണ് ഇടുക്കി കാന്തല്ലൂർ കൃഷി ഓഫീസറായിരുന്ന പി.പളനി, കൃഷി അസിസ്റ്റന്റായിരുന്ന ഐസക് എന്നിവർക്ക് 3 വർഷം തടവ് ശിക്ഷ വിധിച്ചത്. കൂടാതെ 5000 രൂപ വീതം പിഴയും ഒടുക്കണം.

1992-ൽ കർഷകരുടെ പേരിൽ അപേക്ഷ തയ്യാറാക്കി പമ്പ് സെറ്റ് വാങ്ങി നൽകിയെന്ന് കാണിച്ച് വ്യാജ ബില്ലുകൾ ചമച്ചായിരുന്ന തട്ടിപ്പ്. സർക്കാർ ഫണ്ടിൽ നിന്നും ഇവർ ഇപ്രകാരം 13500/- രൂപ തട്ടിയെടുത്തു.

വിജിലൻസ് ഇടുക്കി യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. കെ.വി. ജോസഫ് രജിസ്റ്റർ ചെയ്ത് ഇടുക്കി യൂണിറ്റ് പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. എ.സി. ജോസഫ് , ശ്രീ.ജിൽസൺ മാത്യു അന്വേഷണം നടത്തിയ കേസ്സിൽ ഡി.വൈ.എസ്.പി ആയ ശ്രീ.പി.റ്റി.കൃഷ്ണൻകുട്ടി കുറ്റപത്രം സമർപ്പിച്ചു. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ളിക് പ്രോസിക്യൂട്ടർ ശ്രീമതി സരിത.വി.എ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.